*⇨ 1826 ജൂണിലാണ് റബ്ബറുമായി ഹെൻട്രി എ.വിഡ്കാം കേരളത്തിലത്തെുന്നത് ⇨*

# ഹാരിസൺസിന് മുന്നിൽ സർക്കാർ കീഴടങ്ങുമോ?

ഹാരിസൺസ് അടക്കമുള്ള വിവിധ കമ്പനികൾ കൈവശം വച്ചിരിക്കുന്ന സംസ്ഥാനത്തെ അഞ്ചു ലക്ഷത്തോളം ഏക്കർ ഭൂമി ഓർഡിനൻസിലൂടെ ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ച എം.ജി. രാജമാണിക്യം കമ്മിറ്റി റിപ്പോർട്ട് സർക്കാർ അട്ടിമറിക്കുകയാണോ? റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലിരിക്കെ അതിനെ മറികടക്കുന്നതിനായി ഹാരിസൺസ് കമ്പനി നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണ്?

**ആർ. സുനിൽ**

**ബ്രിട്ടീഷ്** ആധിപത്യത്തിന് മുന്നിൽ ചെങ്കോലും കിരീടവും അടിയറവെച്ച് കീഴടങ്ങിയ രാജാക്കന്മാർ ചരിത്രത്തിലുണ്ട്. അവർ പിന്നീട് സാമന്തന്മാരായി നിലകൊണ്ടു. ബ്രിട്ടീഷുകാർക്ക് രാജ്യം കൊള്ളയടിക്കുന്നതിനുള്ള വഴി തുറന്നുകൊടുത്തതും അവരാണ്. അതിനേക്കാൾ മോശമായൊരു ചരിത്രത്തിലേക്കാണ് ജനാധിപത്യകാലത്തെ ഭരണാധികാരികൾ നീങ്ങുന്നുവെന്നാണ് വർത്തമാന റിപ്പോർട്ടുകൾ നൽകുന്ന സൂചന. ഹാരിസൺസ് അടക്കമുള്ള സംസ്ഥാനത്തെ അഞ്ചു ലക്ഷത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കാൻ നിർദേശം നൽകിയ രാജമാണിക്യം റിപ്പോർട്ടിനെതിരെ പല ഭാഗത്തുനിന്നും ഉയരുന്ന തടസങ്ങൾ ഇതാണ് സൂചിപ്പിക്കുന്നത്. ദേശാഭിമാനിയും ജന്മഭൂമിയും അടക്കമുള്ള പത്രങ്ങളിൽ പരസ്യം നൽകി (മാർച്ച് 4) ഹാരിസൺസ് മലയാളം കമ്പനിയും റിപ്പോർട്ടിനെതിരെ രംഗത്തുവന്നിരിക്കുകയാണ്.

ഭൂപരിഷ്കരണത്തിന്റെ കേരള മാതൃകയെക്കുറിച്ച് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ കേരളത്തിലെ ഹാരിസൺസ് മാതൃകയെക്കുറിച്ച് അധിക പഠനങ്ങളുണ്ടായിട്ടില്ല. കേരളത്തിലെ ആധുനിക ജന്മിത്വത്തെക്കുറിച്ച് അക്കാദമിക ബുദ്ധിജീവികൾ മൂടിവെച്ച യാഥാർഥ്യമാകും അത്തരമൊരു പഠനത്തിലൂടെ മറനീക്കി പുറത്തുവരാൻ പോകുന്നത്. കൃഷി ഭൂമിക്കുവേണ്ടി സമരം നടത്തിയ ആദിവാസി-ദലിത് വിഭാഗങ്ങളോട് ഭരണാധികാരികൾ മാത്രമല്ല പരിസ്ഥിതിവാദികളും ബുദ്ധിജീവികളും വരെ തിരിച്ചുചോദിച്ചത് പതിച്ചുതരാൻ ഭൂമി എവിടെ എന്നായിരുന്നല്ലോ.

**തോട്ടങ്ങളുടെ ചരിത്രം**

കേരളത്തിലേക്ക് തോട്ടവിളകൾ എത്തിയത് 1800 കൾക്ക് ശേഷമാണ്. 1826 ജൂണിലാണ് റബ്ബറുമായി ഹെൻട്രി എ.വിഡ്കാം കേരളത്തിലത്തെുന്നത്. 1896ൽ നിലമ്പൂരും 1902ൽ തട്ടേക്കാടും ചെറിയ റബ്ബർ തോട്ടങ്ങൾ തുടങ്ങി. 1903ൽ കോന്നിയിൽ 500 ഏക്കറും 1904ൽ പെരിയാർ വാലിയിൽ 400 ഏക്കറും തോട്ടം തുടങ്ങി. 1909 ആയപ്പോൾ 29,500 ഏക്കറിലേക്ക് റബ്ബർ കൃഷി വ്യാപിച്ചു. ഇന്ത്യയിൽനിന്ന് 10.45 ലക്ഷം രൂപയുടെ റബ്ബർ കയറ്റുമതി ചെയ്തു. 20-ാം നൂറ്റാണ്ടിലും കേരളീയരുടെ ജീവിത പരിസരത്തിൽ ചായക്കടയും ചായയും ഉണ്ടായിരുന്നില്ല. അതേസമയം 1836ൽ തേയിലക്കൃഷി ഇവിടെ ആരംഭിച്ചിരുന്നു. നാട്ടുകാർ ഇതിനെ വിദേശീയ പാനീയമായിട്ടാണ് കണ്ടത്. ആദ്യ കാ

പ്പിത്തോട്ടം 1799 ൽ അഞ്ചരക്കണ്ടിയിൽ നിലവിൽവന്നു. എന്നാൽ കാപ്പി വ്യാവസായിവൽക്കരിച്ചത് 1825 നുശേഷമാണ്. ഈ മൂന്നു തോട്ടവിളയും വിദേശീയവും അതിൻെറ വ്യാപനം വിദേശ ഉടമസ്ഥതയിലുമായിരുന്നു. ഈ ചരിത്രത്തിൽനിന്നാണ് തോട്ടംഭൂമിയിലെ ഉടമസ്ഥത സംബന്ധിച്ച ചരിത്രം അന്വേഷിക്കേണ്ടത്.

**എൽ.ഡി.എഫിന്റെ ആദ്യ ഇടപെടൽ**

ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് എ.കെ. ബാലൻ നിയമസഭയിൽ നിരന്തരം ആവശ്യപ്പെട്ടത് ഹാരിസൺസ് മലയാളം അടക്കമുള്ള വൻകിട തോട്ടം ഉടമകൾ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന അഞ്ചു ലക്ഷം ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ചാണ്. എൽ.ഡി.എഫ് അധികാരത്തിൽ വന്നതോടെ ഇക്കാര്യത്തിൽ ആദ്യം ചെയ്തത് ഹാരിസൺസിനെതിരെ കേസ് വാദിച്ചിരുന്ന അഡ്വ. സുശീലാ ഭട്ടിനെ സ്ഥാനത്തുനിന്നും നീക്കിയതാണ്. വി.എസും ബാലനുമെല്ലാം സുശീല ഭട്ട് മികച്ച വക്കീലാണെന്ന് അപ്പോഴും പറഞ്ഞു. എന്നാൽ, കേസ് അട്ടമറിക്കാനാണെന്ന് സംശയം തോന്നിയവരോട് മന്ത്രി സുനിൽകുമാർ പറഞ്ഞത് ഭട്ടിനേക്കാൾ തൂക്കമുള്ള മറ്റൊരു വക്കീലിന് കേസ് ഏൽപ്പിക്കുമെന്നാണ്. സി.പി.ഐ നേതാവായ മീനാക്ഷി തമ്പാന്റെ മകൻ രഞ്ജിത്ത് തമ്പാനായിരുന്നു അമിതതൂക്കമുള്ള വക്കീലെന്ന് പന്നീട് അറിഞ്ഞു. ഹാരസൺസ് ഭൂമി വാങ്ങിയ ആനന്ദവല്ലിയുടെ കേസിൽ കഴിഞ്ഞ സർക്കാരിൻെറ കാലത്ത് അദ്ദേഹമാണ് കോടതിയിൽ ഹാജരായത്. ഫലത്തിൽ ഹാരിസൺസിന് ഭൂമി വിൽക്കാൻ അധികാരമുണ്ടെന്ന് വാദിച്ച വക്കീൽ എൽ.ഡി.എഫ് കാലത്ത് ഹാരിസൺസ് ഭൂമി തിരിച്ചുപിടിക്കാനായി വാദിക്കുന്ന വിചിത്രമായ സംഭവം കേരളത്തിൽ അരങ്ങേറുമായിരുന്നു. എന്നാൽ ഇക്കാര്യം പുറത്തായതോടെ, പിടിച്ചുനിൽക്കാനാവാതെ തമ്പാനെ മാറ്റി. തമ്പാനു പകരം പുതിയ വക്കീൽ കേസ് ഏറ്റെടുത്തുവെങ്കിലും വളരെ വേഗം അദ്ദേഹത്തെയും മാറ്റി. ഇപ്പോൾ അഡ്വ. പ്രേമചന്ദ്ര പ്രഭുവിനാണ് കേസിൻെറ ചുമതല. ഇക്കാര്യത്തിൽ റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരന്റെ മറുപടി യു.ഡി.എഫ് നിയമിച്ച സുശീലാ ഭട്ട് തുടരേണ്ടതില്ല എന്നായിരുന്നു. മന്ത്രി ഇപ്പോഴും റിപ്പോർട്ട് പഠിച്ചുകൊണ്ടിരിക്കുകയാണ്. സി.പി.ഐ മന്ത്രിമാരുടെ വാക്കുകൾക്കുള്ളിൽ ഹാരിസൺസിനെ രക്ഷിക്കുന്നതിനുള്ള ലക്ഷ്യമുണ്ടായിരുന്നോവെന്ന് കാലം തെളിയിക്കും.

**ദേശാഭിമാനിയും ജന്മഭൂമിയും കൈകോർക്കുമ്പോൾ**

മാർച്ച് 4ന് ദേശാഭിമാനിയും ജന്മഭൂമിയും അടക്കമുള്ള പത്രങ്ങൾ പുറത്തിറങ്ങിയത് ഹാരിസൺസ് മലയാളത്തിൻെറ പരസ്യവുമായിട്ടായിരുന്നു. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയും കേരളം ഭരിക്കുന്ന സി.പി.എമ്മും തങ്ങൾക്കൊപ്പമാണെന്ന് ഹാരിസൺസ് തെളിയിച്ചു.

നിയമസഭയിൽ മന്ത്രിമാർ പലകാലങ്ങളിൽ പറഞ്ഞതെല്ലാം പച്ചക്കള്ളമായിരുന്നുവെന്നാണ് ഹാരിസൺസ് പരസ്യത്തിലൂടെ വാദിക്കുന്നത്. അതിന് അവർ തെരഞ്ഞെടുത്തതാകട്ടെ ദേശാഭിമാനി പത്രത്തെയും. എന്നാൽ അവർ പറയുന്ന കാര്യങ്ങൾക്കൊന്നും അവർ തെളിവ് നിരത്തിയിട്ടില്ല. തെളിവുണ്ടെന്ന് അവകാശപ്പെടുന്നുണ്ട്. അങ്ങനെയെങ്കിൽ അത് കോടതിയിൽ ഹാജരാക്കിയാൽ മതിയല്ലോ. പരസ്യം നൽകി എന്തിനാണ് ജനങ്ങളെ അറിയിക്കുന്നത്?

ഇതുവരെ ഹാരിസൺസിന് എതിരായി ഉയർന്നുവന്ന വാദങ്ങളെല്ലാം ആ പരസ്യത്തിലൂടെ നിഷേധിക്കുകയാണ് അവർ ചെയ്തത്. നിയമസഭയിൽ മന്ത്രിമാർ പലകാലങ്ങളിൽ പറഞ്ഞതെല്ലാം പച്ചക്കള്ളമായിരുന്നുവെന്നാണ് ഹാരിസൺസ് പരസ്യത്തിലൂടെ വാദിക്കുന്നത്. അതിന് അവർ തെരഞ്ഞെടുത്തതാകട്ടെ ദേശാഭിമാനി പത്രത്തെയും. എന്നാൽ അവർ പറയുന്ന കാര്യങ്ങൾക്കൊന്നും അവർ തെളിവ് നിരത്തിയിട്ടില്ല. തെളിവുണ്ടെന്ന് അവകാശപ്പെടുന്നുണ്ട്. അങ്ങനെയെങ്കിൽ അത് കോടതിയിൽ ഹാജരാക്കിയാൽ മതിയല്ലോ. പരസ്യം നൽകി എന്തിനാണ് ജനങ്ങളെ അറിയിക്കുന്നത്?

ആ പരസ്യത്തിൽ അവരുന്നയിക്കുന്ന വാദങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം. ഒന്നാമതായി ഉന്നയിക്കുന്നത് സാധുവായ ഉടമസ്ഥാവകാശങ്ങളുടെയും നിയമപരമായ അംഗീകാരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഭൂമി കൈവശം വെച്ചിരിക്കുന്നത് എന്നാണ്. വ്യാജരേഖകളുടെ അടിസ്ഥാനത്തിലാണ് ഉടമസ്ഥത നിലനിർത്തുന്നതെന്നായിരുന്നു സ്പെഷ്യൽ ഓഫീസറുടെയടക്കം റിപ്പോർട്ട്. മതിയായ രേഖകൾ അവർക്ക് ഹാജരാക്കാൻ കഴിഞ്ഞാൽ ഹൈക്കോടതിയിൽ അവർക്കെതിരായ കേസ് നിലനിൽക്കില്ല. രേഖ വ്യാജമാണെന്ന വെറുതെ പറയുക

➪ കോടതി ഇക്കാര്യം അംഗീകരിച്ചതിനാലാണ് ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായത് ➪



സുശീല ഭട്ട്



എം.ജി. രാജമാണിക്യം ഐ.എ.എസ്

യല്ല സ്പെഷ്യൽ ഓഫീസർ ചെയ്തത്. തെളിവുകൾ നിരത്തിയാണ് ലംഘിച്ചത്. അതൊന്നും പരസ്യത്തിൽ ഹാരിസൺസ് നിരാകരിച്ചിട്ടില്ല.

"സ്വാതന്ത്ര്യത്തിന് ശേഷം വിദേശ കമ്പനികളുടെ ഭൂമി ഭരണഘടനയുടെ 296-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി. പ്രസ്തുത ഭൂമി സ്വതന്ത്ര ഇന്ത്യയിൽ ബ്രിട്ടീഷ് കമ്പനികളോ, അവരുടെ ഇവിടുത്തെ ഏജന്റുമാരോ നിലവിലെ കൈവശക്കാർക്ക് കൈമാറിയതായി അവകാശപ്പെടുന്ന ഇന്ത്യൻ കമ്പനികളാണ് നിലവിലുള്ളതായി കാണുന്നത്. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയും, ആ കമ്പനിയിൽനിന്നും ഭൂമി വിലക്കുവാങ്ങിയവരും, തിരുവനന്തപുരത്ത് പട്ടം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയും അതിന്റെ അനുബന്ധ കമ്പനികളും, മൂന്നാറിലെ കെ.ഡി.എച്ച് കമ്പനികളും ഇത്തരത്തിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശം വെച്ചുവരുന്നുണ്ട്.

ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്ന് ഭൂമി വിലക്ക് വാങ്ങിയവരും അനധികൃതമായി കൈവശം വെക്കുന്ന സർക്കാർ ഭൂമി, സ്വാതന്ത്ര്യത്തിന് മുമ്പ് മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം ഉപേക്ഷിച്ചുപോയതുമാണ്. നിയമപ്രകാരം കേന്ദ്ര സർക്കാരോ റിസർവ് ബാങ്കോ അനുഭവിച്ചാൽ മാത്രമേ വിദേശീയർക്ക് ഇന്ത്യയിൽ ഇടപാട് നടത്തുവാൻ കഴിയുമായിരുന്നുള്ളു. ഇതിൽപ്പെട്ട് 38,051 ഏക്കർ ഭൂമി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽനിന്നും ഭൂ സംരക്ഷണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈക്കോടതി നിർദേശപ്രകാരം ആ ഉത്തരവുകളുടെ തൽസ്ഥിതി തുടരുകയാണ്." മന്ത്രി അടൂർ പ്രകാശ് 2016 ഫെബ്രുവരി 11ന് (ചോദ്യം 1183) നിയമസഭയിൽ നിൽകിയ മറുപടിയാണിത്.

അതിന് ഹാരിസൺസ് ഉത്തരം കണ്ടെത്തുന്നുണ്ട്. "റവന്യു വകുപ്പിന്റെ ഏകപക്ഷീയമായ ചില റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലും ഹൈക്കോടതിയുടെ ഒരു ഉത്തരവിനെ കമ്പനി ഭൂമി ഏറ്റെടുക്കാനുള്ള നിർദേശമായി തെറ്റായി വ്യാഖ്യാനിച്ചു" എന്നാണ് പരസ്യത്തിൽ പറയുന്നത്. അവർക്ക് അങ്ങനെ വാദിക്കാനുള്ള അവകാശമുണ്ട്. എന്നാൽ നിയമസഭയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം കോടതിയുടെ പരിഗണനയിലാണ്. അത് അവർതന്നെ മൂന്നാമതായി പറയുന്നുണ്ട്. "സ്പെഷ്യൽ ഓഫീസറുടെ അധികാരത്തെയും ഏറ്റെടുക്കൽ ഉത്തരവിനെയും ചോദ്യം ചെയ്തുകൊണ്ടുള്ള എച്ച്.എം.എല്ലിന്റെ ഹർജികൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്." ഹൈക്കോടതിയുടെ പരിഗണനയിലിക്കിക്കുകയാണെങ്കിൽ പിന്നെയെന്തിനാണ് പരസ്യം നൽകിയത്. ആരെ സ്വാധീനിക്കാനാണ് ഈ പരസ്യമെന്ന് കമ്പനിയാണ് വ്യക്തമാക്കേണ്ടത്. റിപ്പോർട്ടിൽ വസ്തുതകളുള്ളതുകൊണ്ടാണ് 'റബ്ബർ മരങ്ങളുടെ ഫെല്ലിങ്/റീ പ്ലാന്റേഷൻ പ്രവർത്തനങ്ങൾ നിരോധിക്കുകയും ഭൂ നികുതി സ്വീകരിക്കുകയോ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്യരുതെന്ന് നിർദേശിക്കുകയും അതേ തുടർന്ന് തോട്ടങ്ങളുടെ പ്രവർത്തനം തടസപ്പെടുകയും' ചെയ്തത്. അതിനുള്ള അധികാരം സർക്കാരിനുണ്ട്. അതെല്ലാം ഒഴിവാക്കിത്തരണമെന്നാണ് ഹാരിസൺസിൻെറ വാദം.

### വിദേശ കമ്പനി പിരിച്ചുവിട്ടു

സുശീലാ ഭട്ട് വാദിച്ചത് ഫെറാ നിയമത്തിലെ (Foreign Exchange Regulation Act) വ്യവസ്ഥകൾ ലംഘിച്ചാണ് ഹാരിസൺ പ്രവർത്തിക്കുന്നതെന്നാണ്. കോടതി ഇക്കാര്യം അംഗീകരിച്ചതിനാലാണ് ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായത്. എന്നാൽ പരസ്യത്തിൽ ഹാരിസൺസ് ഇതെല്ലാ നിഷേധിക്കുകയാണ്. അവരുടെ വാദമനുസരിച്ച് "സ്വത്തുക്കളുടെ കൈമാറ്റത്തിനും ഇന്ത്യയിലെ വാണിജ്യ/തോട്ട വ്യവസായ പ്രവർത്തനങ്ങൾക്കും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർ.ബി.ഐ) അംഗീകാരം എച്ച്.എം.എല്ലിനുണ്ട്.

ഫെറായിലെ വ്യവസ്ഥകൾ എച്ച്.എം.എൽ ലംഘിച്ചുവെന്ന ആരോപണങ്ങൾ തീർത്തും അടിസ്ഥാന രഹിതമാണ്. എച്ച്.എം.എല്ലിന് ഉണ്ടായിരുന്നു വിദേശ ഓഹരികൾ ആർ. ബി.ഐ അംഗീകരിച്ചിട്ടുള്ളതും ഫെറാ നിയമത്തിന് അനുസൃതവുമായിരുന്നു" എന്നിങ്ങനെയാണ്. എന്നാൽ, പരസ്യം നൽകുന്നതിന് മുമ്പ് ഹാരിസൺസ് മലയാളം കമ്പനി ഉടമസ്ഥരായ ബ്രിട്ടനിലെ മലയാളം പ്ലാന്റേഷൻസ് (ഹോൾഡിങ്) കമ്പനി പിരിച്ചുവിട്ടു. ഫെബ്രുവരി 21ന് ആണ് ഹാരിസൺസിൻെറ ഭൂമിയുടെ ഉടമസ്ഥത അവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് (ഹോൾഡിങ്) എന്ന കമ്പനി പിരിച്ചുവിട്ടതായി ബ്രിട്ടീഷ് കമ്പനി ഹൗസിന്റെ വിജ്ഞാപനം വന്നത്. ബ്രിട്ടീഷ് കമ്പനി നിയമം 1000 (3) അനുസരിച്ച് പിരിച്ചുവിടുന്നതായാണ് വിജ്ഞാപനത്തിലുള്ളത്. മലയാളം പ്ലാന്റേഷൻസി (ഹോൾഡിങ്)

നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ നിയമവകുപ്പിനോട് ഉപദേശം തേടിയെന്ന പ്രഖ്യാപനം വരുന്നതിനിടെ മുഖ്യമന്ത്രി പിണറായി വിജയനുമായി കമ്പനി പ്രതിനിധികൾ കൂടിക്കാഴ്ച നടത്തി. അത് വെളിപ്പെടുത്തയതാകട്ടെ ഹാരിസൺസിൻെറ കത്തും. അതോടൊപ്പം ഹാരിസൺസിന് വേണ്ട എല്ലാ സഹായവും ചെയ്തുനൽകണമെന്നാവശ്യപ്പെട്ട് തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ മുഖ്യമന്ത്രിക്ക് എഴുതിയ കത്തും പുറത്തായി.

ന്റെ 100 ശതമാനം ഓഹരികളും ആമ്പിൾ ഡൗൺ എന്ന ബ്രിട്ടീഷ് കമ്പനിയുടേതാണ്. ആമ്പിൾഡൗൺ ആഗസ്റ്റ് 25ന് പിരിച്ചുവിട്ട് സ്വത്തുവകകൾ സർക്കാറിൽ ലയിപ്പിച്ച് വിജ്ഞാപനമിറക്കിയിരുന്നു. തെളിവുകൾ നശിപ്പിക്കുന്നതിൻെറ ഭാഗമായാണ് കമ്പനികൾ പരിച്ചുവിടുന്നതെന്നകാര്യം വരും ദിവസങ്ങളിൽ കോടതിയിൽ നിന്ന് അറിയാം.

അതേസമയം തങ്ങൾക്ക് ആസ്തിവകയായി ആകെയുള്ളത് 31 ലക്ഷം രൂപ മാത്രമാണെന്നും ഭൂമി അടക്കം ബാക്കി സ്വത്തുക്കൾ ബ്രിട്ടീഷ് കമ്പനിയായ മലയാളം പ്ലാന്റേഷൻസിന്റേതാണെന്നുമാണ് ഹാരിസൺസിന്റെ 2015-16 വാർഷിക റിപ്പോർട്ടിലുള്ളത്. ഇത് ശരിവെക്കുന്നതായിരുന്നു മലയാളം പ്ലാന്റേഷൻസിന്റെ വാർഷിക റിപ്പോർട്ട്. തങ്ങളുടെ ആസ്തിവകകൾ ഇന്ത്യൻ കമ്പനികളായ ഹാരിസൺസ്, കൊൽക്കത്ത ഇലക്ട്രിക് പവർ കോർപറേഷൻ (സെസ്ക്) എന്നിവയുടേതാണെന്നാണ് അതിലുള്ളത്. ഇതോടെ ഹാരിസൺസ് വിദേശ കമ്പനിയാണെന്നും ഇന്ത്യൻ നിയമങ്ങൾ ലംഘിച്ചാണ് ഭൂമി കൈവശംവെക്കുന്നതെന്നുമുള്ള സർക്കാർ വാദം ശരിയെന്ന് വന്നിരുന്നു. ഹാരിസൺസ് വിദേശത്തേക്ക് പണം കടത്തുകയാണെന്നും കമ്പനിയുടെ യഥാർഥ ഉടമകൾ വിദേശികളാണെന്നും രാജമാണിക്യം വ്യക്തമാക്കിയിരുന്നു. ഹാരിസൺസിൽ 19 ശതമാനം ഓഹരി പങ്കാളിത്തം മലയാളം പ്‌ളാൻേറഷൻ സി(ഹോൾഡിങ്)നുണ്ട്, ഹാരിസൺസിൻെറ ഉടമ സഞ്ജീവ് ഗോയങ്ക മലയാളം പ്ലാന്റേഷൻസിന്റെയും ഡയറക്ടറാണ്, മലയാളം പ്ലാന്റേഷൻസിൻെറ 100 ശതമാനം ഓഹരികളും ആമ്പിൾഡൗൺ എന്ന കമ്പനിക്കാണ്. അതിൻെറ ഉടമ ആന്തണി ജാക് ഗിന്നസാണ്. ആമ്പിൾഡൗൺ നികുതിരഹിത നിക്ഷേപകരുടെ പറുദീസയെന്നറിയപ്പെടുന്ന ചാനൽ ഐലൻഡിൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് എന്നീ വിവരങ്ങൾ ചൂണ്ടിക്കാട്ടി രാജമാണിക്യം ഇതുസംബന്ധിച്ച് സി.ബി.ഐ അന്വേഷണം വേണമെന്ന് ശുപാർശ ചെയ്തിരുന്നു. സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് എസ്.ഡി.പി.ഐ സംസ്ഥാന നേതാവ് ഉസ്മാൻ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ എന്നിവർ ഹൈകോടതിയെ സമീപിച്ചിട്ടുണ്ട്. "കഴിഞ്ഞ 100 വർഷത്തിലേറെയായി എച്ച്.എം.എൽ തീർത്തും സ്വതന്ത്രമായി കൈവശംവെച്ച് അനുഭവിച്ചു പോരുന്നതാണ് തോട്ടങ്ങൾ" എന്നാണ് ഹാരിസൺസ് പറയുന്നത്. ഇക്കാര്യത്തിൽ ആരും സംശയം പ്രകടിപ്പിച്ചിട്ടില്ല. കൈവശം വെച്ചിരിക്കുന്നതെങ്ങനെയെന്നാണ് അന്വേഷിച്ചതും കണ്ടത്തെിയതും. അതിൽ നിയമപരമായി കൈമാറ്റമല്ല നടത്തിയതെന്ന് കണ്ടെത്തി.

### മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച

നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ നിയമവകുപ്പിനോട് ഉപദേശം തേടിയെന്ന പ്രഖ്യാപനം വരുന്നതിനിടെ മുഖ്യമന്ത്രി പിണറായി വിജയനുമായി കമ്പനി പ്രതിനിധികൾ കൂടിക്കാഴ്ച നടത്തി. അത് വെളിപ്പെടുത്തിയതാകട്ടെ ഹാരിസൺസിൻെറ കത്തും. അതോടൊപ്പം ഹാരിസൺസിന് വേണ്ട എല്ലാ സഹായവും ചെയ്തുനൽകണമെന്നാവശ്യപ്പെട്ട് തൊഴിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ മുഖ്യമന്ത്രിക്ക് എഴുതിയ കത്തും പുറത്തായി. മുൻസർക്കാർ ഹാരിസൺസ് ഭൂമിയുടെ ഉടമസ്ഥത ചോദ്യം ചെയ്യുകയും മുഴുവൻ ഭൂ

മിയും ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിരുന്നെന്നും യഥാർഥത്തിൽ തങ്ങളുടെ കൈവശമുള്ള 1845 ഏക്കർ മിച്ചഭൂമി സർക്കാറിന് വിട്ടുനൽകാൻ തയാറാണെന്നും കത്തിൽ പറയുന്നു. റവന്യൂ സ്പെഷൽ ഓഫിസർ ഭൂമിയുടെ കരം അടയ്ക്കുന്നതും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതും തടഞ്ഞിരുന്നു. ഇത് കമ്പനിക്ക് ബാങ്ക് വായ്പകൾ നേടാനുള്ള അവസരം ഇല്ലാതാക്കുകയും സാമ്പത്തികപ്രതിസന്ധിയിലാക്കുകയും ചെയ്തു. അതിനാൽ കരം സ്വീകരിക്കാനും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാനും റവന്യൂ അധികൃതർക്ക് നിർദേശം നൽകണം, റബ്ബർ മരങ്ങൾ മുറി




ക്കുന്നതിന് നാലുവർഷമായി ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം നീക്കണം, മരങ്ങൾ മുറിക്കുന്നതിന് പ്രത്യേകകരം (സീനിയറേജ്) അടയ്ക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണം, കമ്പനിയെ പല കമ്പനികളായി വിഭജിക്കുന്നതിനെ എതിർത്ത് ഹൈകോടതിയിൽ സർക്കാർ ഫയൽ ചെയ്ത തടസ്സവാദങ്ങൾ പിൻവലിക്കണം തുടങ്ങിയ ആവശ്യങ്ങളാണ് മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ ഉന്നയിച്ചത്. കമ്പനിയുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് റവന്യൂ, വനം, തൊഴിൽ മന്ത്രിമാരെ കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കണമെന്ന് അഭ്യർഥിച്ചാണ് 2016 ഡിസംബർ 28ന് തൊഴിൽമന്ത്രി ടി.പി. രാമകൃഷ്ണൻ മുഖ്യമന്ത്രിക്ക് കത്തെഴുതിയത്.

ഇവിടെ മുഖ്യമന്ത്രി ഓർക്കേണ്ട കാര്യം, കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളാണ്. ഹാരിസൺസിന്റെ കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി 2013 ഏപ്രിൽ 25ന് സർക്കാർ ഉത്തരവിറക്കി (161/2013). അതനുസരിച്ച് എറണാകുളം കലക്ടറായ രാജമാണിക്യത്തെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിട്ടു. ആദ്യഘട്ടമായി സ്പെഷ്യൽ ഓഫീസർ ഹാരിസൺസിന്റെ 38,051 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് ഉത്തരവിറക്കുകയും ചെയ്തു. 2015 ഡിസംബർ 30ന് മറ്റൊരു ഉത്തരവ് വന്നു(703/2015). സ്പെഷ്യൽ ഓഫീസർ അതോടെ ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികൾ തുടങ്ങി. ഇതു സംബന്ധിച്ച് മലയാളവേദി പ്രസിഡന്റ് ജോർജ് വട്ടുകുളം നൽകിയ പരാതിയുമായി ബന്ധപ്പെട്ട് 2015 സെപ്തംബർ ഏഴിന് മനുഷ്യാവകാശ കമ്മീഷൻ മറ്റൊരു ഉത്തരവ് ഇറക്കി( 4780/2015). ഇത് അന്വേഷിക്കാൻ ഐ.ജി എസ്.ശ്രീജിത്തിനെയാണ് ചുമതലപ്പെടുത്തിയത്. അന്വേഷണ റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് സമർപ്പിക്കുകയും, അവരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും ചെയ്തു. തുടർന്ന് വിദേശകമ്പനികൾ സ്വാതന്ത്ര്യത്തിന് മുമ്പ് കൈവശം വെച്ചിരുന്ന ഭൂമി സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിലവിലെ കൈവശകകാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും കെ.എൽ.സി നിയമപ്രകാരം അനധികൃത കൈവശങ്ങൾ കണ്ടെത്തി ഭൂമി ഏറ്റെടുക്കുന്നതിനും സ്പെഷ്യൽ ഓഫീസർ ആന്റ് കളക്ടറെ ചുമതലപ്പെടുത്തി. ആ റിപ്പോർട്ട് മേശപ്പുറത്തിരിക്കെയാണ് ഇപ്പോൾ കമ്പനിയുടെ സമ്മർദമുണ്ടായിരിക്കുന്നത്.

### റവന്യൂ മന്ത്രിയുടെ നിലപാട്

2016 ജൂലൈ 11ന് പി.കെ ശശി എം.എൽ.എക്ക് മന്ത്രി ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടിയിൽ കാര്യങ്ങൾ വ്യക്തമാണ്. "സംസ്ഥാനത്ത് ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയ കമ്പനികൾ, മറ്റുള്ള കൈയേറ്റക്കാർ തുടങ്ങിയവർ കൈവശം വെക്കുന്ന സർക്കാർ ഭൂമി ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള ഭൂപരിഷകരണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് ആരംഭിച്ചത്. ഹാരിസൺസും മറ്റുള്ളവരും ചേർന്ന് സംസ്ഥാനത്ത് ഏഴ് ജില്ലകളിലായി ഏകദേശം 74,333.92 ഏക്കർ ഭൂമി കൈവശം വെക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ

നാലു ജില്ലകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കൊല്ലത്ത് 1025 ഏക്കർ, പത്തനംതിട്ട 7635, കോട്ടയത്ത് 3645, ഇടുക്കിയിൽ 16,683, ആകെ 38,170 ഏക്കർ ഏറ്റെടുത്തു. വയനാട് 30,000 ഏക്കറും തൃശൂരിൽ 6163 ഏറ്റെടുക്കാനുണ്ട്. അതിന്റെ പ്രാരംഭ നടപടി കോടതി സ്റ്റേ ചെയ്തു. എറണാകുളത്തെ ഭൂമി കണക്കാക്കിയിട്ടില്ല. സ്പെഷ്യൽ ഓഫീസിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ ഏകദേശം അഞ്ചു ലക്ഷം ഏക്കർ ഭൂമി സ്വാതന്ത്ര്യത്തിന് മുമ്പ് ഉണ്ടായിരുന്നതായി കാണുന്നു. യുണൈറ്റഡ് പ്ളാന്റേഴ്സ് അസോസിയേഷൻ ഓഫ് സൗത്ത് ഇന്ത്യയുടെ സെക്രട്ടറി 1928 മാർച്ച് 15ന് പ്രസിദ്ധീകരിച്ച തെന്നിന്ത്യൻ പ്ലാന്റിങ് നിഘണ്ടുവിൽ 3.41 ലക്ഷം ഏക്കർ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1947ലെ സ്വാതന്ത്ര്യത്തോടൊപ്പം രാജഭരണത്തിന്റെ അവസാനവും ബ്രിട്ടീഷ് ആധിപത്യത്തിന്റെ അവസാനവും ഒരുമിച്ച് സംഭവിക്കുകയും കേരള രൂപീകരണത്തിനുശേഷം 1957 ൽ ജനാധിപത്യ സർക്കാർ നിലിവൽ വരുന്നതുവരെയുണ്ടായിരുന്ന 10 വർഷക്കാലത്തെ ശക്തമായ ഭരണനിർവഹണത്തിന്റെ അഭാവവും കൈയേറ്റക്കാർ മുതലാക്കിയെന്നും, സബ് രജ്സ്ട്രാറുടെ മുന്നിൽ ഹാജരാക്കുന്ന ആധാരങ്ങൾ ശരിയും തെറ്റും നോക്കാതെ രജിസ്ട്രർ ചെയ്യണമെന്നുള്ള രജിസട്രേഷൻ റൂളും കൈയേറ്റക്കാർക്ക് സഹായകരമായിരുന്നു എന്നും, കിളിമാനൂർ, ഇടപ്പള്ളി, വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ നാട്ടുരാജ്യങ്ങളുടെ ഭരണവും അധികാരവും നിർത്തലാക്കിക്കൊണ്ട് അവർ കൈവശം വച്ചിരുന്ന സർക്കാർ ഫ്രീഹോൾഡ് ലാൻഡ് പൊന്നും വില നൽകിക്കൊണ്ട് 1956 ലെ എടവകൈ ഏറ്റെടുക്കൽ അവകാശ നിയമപ്രകാരം ഭൂരഹിതർക്കു ലഭിക്കേണ്ട ഭൂമി  നടപ്പുകുടിയാൻമാർ എന്ന വ്യാജേന സീലിങ് പരിധിപോലും പാലിക്കാതെ ലാൻഡ് ട്രൈബ്യൂണലുകൾ വൻകിടക്കാർക്ക് പതിച്ചു നൽകിയെന്നും, നിയമത്തിന്റെ സെക്ഷൻ 81 ന്റെ മറവിൽ ബാക്കി തോട്ടം മേഖലക്ക് ഇളവും നൽകിയതിലൂടെ ഭൂരിഭാഗം ഭൂമിയും വീണ്ടും ചുരുക്കം വൻകിടക്കാരുടെ കൈവശം എത്തിച്ചേർന്നുവെന്നും ഹൈക്കോടതിയുടെ ഇടപെടൽ കാരണം കെ.എൽ.സി നിയമപ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നന്നതിലുണ്ടാകുന്ന കാലതാമസം വ്യക്തമാക്കിക്കൊണ്ടും  2016 ജൂൺ നാലിന് സ്പെഷ്യൽ ഓഫിസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്." റവന്യൂമന്ത്രി നൽകിയ ഈ മറുപടിയിൽ നിന്ന് സർക്കാർ മുന്നോട്ടുപോകുമോ എന്നാണ് മന്ത്രി വ്യക്തമാക്കേണ്ടത്.

### കേസ് പരാജയപ്പെടുമോ?

കേരളത്തിലെ ഭൂരഹിതർക്ക് നൽക്കാൻ ഭൂമിയെവിടെ എന്ന ചോദ്യത്തിന് മന്ത്രി തന്നെ ഉത്തരം നൽകിയിരിക്കുന്നു. തോട്ടം മേഖല ഭൂപരിഷ്കരണത്തിൽ നിന്നും ഒഴിവാക്കപ്പെട്ടത്തിന്റെ കാരണവും വ്യക്തം.  എന്നാൽ പുതിയ കാലത്ത് നിയമത്തെക്കുറിച്ചുള്ള പുതിയ ചില നിർവചനങ്ങൾ ഉയർന്നുവരുകയാണ്. പലതും പുനഃപരിശോധിക്കുകയും പുനർവായനക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ചരിത്രത്തെളിവുകൾ തേടി മുസിരിസിലും മറ്റും നടത്തിയ അന്വേഷണം പോലെയാണ് കേരളത്തിലെ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച അന്വേഷണം നടന്നത്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ എന്തു ചെയ്യുമെന്ന ചോദ്യമാണ് പ്രധനമായും ഉയരുന്നത്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് എൽ.ഡി.എഫ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ശക്തമായി വാദിച്ചു. അധികാരം കിട്ടിയപ്പോൾ ഹാരിസൺസിന്റെ പരസ്യം ദേശാഭിമാനിക്കും ജന്മഭൂമിക്കും ഒരുപോലെ ലഭിച്ചു. കേന്ദ്രസംസ്ഥാന അധികാരം കൈയാളുന്ന പാർട്ടുകളുടെ പത്രം എന്നനിലയിലായിരിക്കും പരസ്യം ലഭിച്ചത്. വെറും പരസ്യമല്ല, സർക്കാർ നടത്തിയ നിയമ പോരാട്ടങ്ങളും അന്വേഷണ റിപ്പോർട്ടുകളും തെറ്റാണെന്ന് സ്ഥാപിക്കുന്നതിനാണ് അവർ പരസ്യം നൽകിയത്. തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനം. പ്രത്യേകിച്ചും സ്ത്രീകൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനമെന്നാണ് അവരുടെ വാദം. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച സർക്കാരിന്റെ വാദങ്ങളെല്ലാം തെറ്റാണെന്നാണ് അവരുടെ നിലപാട്. എന്നാൽ നിവേദിത പി. ഹരൻമുതൽ രാജമാണിക്യം വരെ കണ്ടത്തെിയ തെളിവുകളൊന്നും അവർ തെറ്റാണെന്ന് സ്ഥാപിച്ചിട്ടില്ല. സുശീല ഭട്ട് നടത്തിയ വാദത്തിന്റെ മുനയൊടിക്കാനും ശ്രമിച്ചിട്ടില്ല.

ഹാരിസൺസ് പരസ്യത്തിലൂടെ നിഷേധിച്ചാലും 1923 മുതൽ 1977 വരെ ഭൂമി കൈവശംവെച്ച് അനുഭവിച്ചത് മലയാളം പ്ലാന്റേഷൻ കമ്പനിയാണ്. ഇന്ത്യൻ കമ്പനി നിയമപ്രകാരം 1928 ജനുവരി അഞ്ചിന് 2947/78-ാം നമ്പരായി കൊച്ചിയിൽ രജിസ്ട്രർ ചെയ്ത കമ്പനിയാണ് മലയാളം പ്ലാന്റേഷൻ (ഇന്ത്യ) ലിമിറ്റഡ് എന്ന സ്ഥാപനം. 1979 ഏപ്രിൽ നാലിന് ഹൈക്കോടതിയിൽ സമർപ്പിച്ച് 545/78-ാം  നമ്പർ ഹർജിയിലൂടെ യു.കെ കമ്പനി മലയാളം പ്ലാന്റേഷനിൽ ലയിച്ചു. ഹാരിസൺസ്

ആന്റ് ക്രോസ് ഫീൽഡ് എന്ന കമ്പനി കൂടിലയിച്ചപ്പോൾ 1984ൽ പിറവിയെടുത്തതാണ് ഹാരസൺസ് മയാളം പ്ലാന്റേഷൻ (ഇന്ത്യ) ലിമിറ്റഡ്. 1970ൽ ഭൂപരിഷ്കരണ നിയമം നടപ്പാക്കുമ്പോൾ ഭൂമി യു.കെ കമ്പനിയുടെ ഉടമസ്ഥതയിലായിരുന്നു. വയനാട് വൈത്തിരി ലാൻഡ് ബോർഡിൽ കമ്പനി നൽകിയ വിശദാംശത്തിൽ യു.കെ കമ്പനിയുടേതാണ് ഭൂമി. 1963 ലെ ഭൂപരിഷ്കരണ നിയമം എട്ട് (മൂന്ന്) വകുപ്പ് പ്രകാരം സർക്കാർ മിച്ചഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് മുമ്പ് കൈമാറ്റം പാടില്ലെന്ന വ്യവസ്ഥയും കമ്പനി ലംഘിച്ചു. 1997 വരെ ഭൂമി കൈവശം വെച്ചിരുന്ന ബ്രിട്ടീഷ് കമ്പനി എങ്ങനെ കൈവശാവകാശ കൃഷിക്കാരനാവും. 1923 ലെ ആധാരത്തിന് മുൻ ആധാരങ്ങൾ പുറത്തുവിടാൻ ഇപ്പോഴും ഹാരിസൺസിന് കഴിഞ്ഞിട്ടില്ല. സ്വതന്ത്ര ഇന്ത്യ രൂപം നൽകിയ നിയമങ്ങളായ വിദേശ നാണ്യവിനമയ നിയമം (ഫെറാ)1973, കേരള ഭൂസംരക്ഷണ നിയമം 1957, ഭൂപരിഷ്കരണനിയമം 1963, ഇന്ത്യൻ കമ്പനീസ് നിയമം 1956 എന്നിവയെല്ലാം വെല്ലുവിളിച്ചാണ് ഇവർ പ്രവർത്തനം തുടർന്നതെന്നാണ് രാജമാണിക്യം റിപ്പോർട്ടിന്റെ കാതൽ. ഇക്കാര്യം ഹൈക്കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടർ സുശീല.ആർ ഭട്ട് വാദിച്ചുറപ്പിച്ചു.

രാജ്യത്തിനുള്ളിൽ മറ്റൊരു രാജ്യത്തെ കമ്പനിയുടെ അധിനിവേശമാണ് ഇവിടെ ഉണ്ടായത്. രാജമാണിക്യത്തിന്റെ റിപ്പോർട്ടനുസരിച്ച് ഈ കമ്പനികൾ രജിസ്ട്രർ ചെയ്തിരിക്കുന്നത് ഇംഗ്ലണ്ട് (കൺസോളിഡേഷൻ) നിയമം, 1908 അനുസരിച്ചാണ്, 1956ലെ ഇന്ത്യൻ കമ്പനി നിയമം അനുസരിച്ചല്ല. മലയാളം റബ്ബർ ആൻഡ് പ്രൊഡ്യൂസ് കമ്പനി (യു.കെ), മലയാളം പ്ലാന്റേഷൻസ് (യു.കെ) കണ്ണൻ ദേവൻ ഹിൽസ് പ്രോഡ്യൂസ് കമ്പനി (യു.കെ), ആംഗ്ലോ അമേരിക്കൻ കമ്പനി, ട്രാവൻകൂർ റബ്ബർ കമ്പനി, പീരുമേട് ടീ കമ്പനി തുടങ്ങിയവരുടെയെല്ലാം രജിസ്ട്രേഷൻ ഇംഗ്ലണ്ടിലാണ്. ഭണഘടനയുടെ ആർട്ടിക്കിൾ 296 അനുസരിച്ച് വിദേശ കമ്പനിയുടെ ഈ രാജ്യത്തെ ഭൂമി ഇന്ത്യൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തോടെ സർക്കാരിൽ നിക്ഷിപ്തമാണ്.

രാജമാണിക്യം റിപ്പോർട്ടിൽ കാര്യങ്ങൾ വ്യക്തമാണെങ്കിലും കേസ് പരാജയപ്പെടുമോയെന്ന ആശങ്ക പൊതുസമൂഹത്തിനുണ്ട്. കോടതിയിൽ പരാജയപ്പെട്ടാൽ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കേണ്ടിവരും. 90 ശതമാനം സംസ്ഥാനത്തിന് അനുകൂലമായ വിധി വരാനുള്ള സാഹചര്യമുണ്ടെന്നാണ് സുശീല ഭട്ടിൻെറ വാദം. എന്നാൽ കൃത്യമായ വാദം കോടതിയിൽ ഉയർത്താതെ പരാജയപ്പെട്ടാൽ കേരള മണ്ണിൽ വിദേശാധിപത്യം അരക്കിട്ടുറപ്പിക്കും. അത് സർക്കാരിൻെറ മാത്രമല്ല കേരള ജനതയുടെ പരാജയമായിരിക്കും. ഭൂമിയുടെ പട്ടയം വിദേശിക്ക് അർഹതപ്പെട്ടതാണെന്ന് ഹൈക്കോടതിക്ക് തെളിയിക്കാനുള്ള സാഹചര്യം സർക്കാർ ഉണ്ടാക്കരുത്. കഴിഞ്ഞ ആറ് പതിറ്റാണ്ട് ഹാരിസൺസ് അടക്കമുള്ളവരെ സഹായിച്ചത് ഇവിടുത്തെ രാഷ്ട്രീയക്കാരാണ്. ഹാരിസൺസ് വിറ്റ ഭൂമികളായ ചെറുവള്ളി, ബോയ്സ്, അമ്പനാട്, റിയ എന്നിവ ഏറ്റെടുത്തതായി സർക്കാർ ഉത്തരവിറക്കി. കെ.പി. യോഹന്നാൻ ഹാരിസൺസിൽ നിന്നും വാങ്ങിയ ഭൂമി വിമാനത്താവളത്തിനായി ഏറ്റെടുക്കുമെന്ന് സർക്കാർ ആലോചിക്കുന്നു. അതേസമയം സർക്കാർ ഈ ഭൂമി ഏറ്റെടുത്തത് തെറ്റാണെന്ന് കോടതി പറഞ്ഞിട്ടില്ല. മറിച്ച്, ശരിവയ്ക്കുകയാണ് ചെയ്തത്. കേസിൽ തൽസ്ഥിതി തുടരുകയെന്നാൽ കേസ് തീരുന്നതുവരെ യോഹന്നാൻെറ കൈവശത്തിൽ ഇരിക്കുന്ന അവസ്ഥ തുടരാണ് കോടതി പറഞ്ഞത്. മരംമുറിക്കുന്നതും ഭൂമി കൈമാറ്റം ചെയ്യുന്നതും നികുതി അടക്കുന്നതും തടഞ്ഞു. അപ്പോഴും ഇടതു സർക്കാരിന്റെ ഹാരിസൺ-ടാറ്റാ ബന്ധത്തിൽ പൊതുസമൂഹത്തിന് ആശങ്കയുണ്ട്. സി.വി രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മ' നോവലിലെ കേശവപിള്ളയെപ്പോലെ ജന്മിത്വത്തിന്റെ അടിത്തറ ഇളകുമ്പോൾ അത് തകരാതെ സംരക്ഷിക്കാൻ ഇവർ അധികാര പ്രയോഗം നടത്തുമോ? പശ്ചിമ ബംഗാളിലെ സങ്കൂരിൽ ടാറ്റക്കൊപ്പമായിരുന്നു ഇടതു സർക്കാർ. മൂന്നാറിൽ ഇവർ ടാറ്റക്കുവേണ്ടി തൊഴിലാളി സംഘടനാ പ്രവർത്തനം നടത്തുന്നു. ഹാരസൺസിലെ തോട്ടം തൊഴിലാളിക്കുവേണ്ടി ജന്മിത്വം നിലനിർത്തണമെന്ന് വാദിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്താൻ നിയമോപദേശം തേടുമെന്ന പ്രഖ്യാപനത്തെ വിലയിരുത്തേണ്ടത്. ■


**കൊച്ചിയുടെ വിഷജല വിരുദ്ധപ്രക്ഷോഭം**

## ഉപവാസ സത്യാഗ്രഹം

**2017 മാർച്ച് 22 ലോക ജലദിനം മുതൽ മാർച്ച് 26 വരെ**

**ഹൈക്കോടതി ജംഗ്ഷൻ, എറണാകുളം**

*ബന്ധങ്ങൾക്ക്: 9496565195*

## ഹാരിസൺസ് ഭൂമി: സർക്കാർ നടപടികളുടെ സംക്ഷിപ്തം

**1999 ആഗസ്റ്റ് 7 –** ഹാരിസൺസിന്റെ കൈവശഭൂമിയെപ്പറ്റി സുമിത എൻ. മേനോൻ റിപ്പോർട്ട്

**2005 –** ഹാരിസൺസിന്റെ കൈവശമുള്ള സർക്കാർ ഭൂമി കണ്ടെത്തുന്നതിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണർ നിവേദിത പി. ഹരന്റെ അന്വേഷണം. 76,000 ഏക്കർ ഭൂമിയിൽ ഹാരിസൺസിന് അവകാശമില്ല എന്ന് റിപ്പോർട്ട്.

**2007 –** ഹാരിസൺസിന്റെ കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിന് അഞ്ച് മന്ത്രിമാർ അടങ്ങിയ മന്ത്രിസഭാ ഉപസമിതി. ഇതിന്റെ നിയമവശങ്ങൾ പഠിക്കുന്നതിന് ജസ്റ്റിസ് എൽ. മനോഹരന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി. ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമില്ല എന്ന് ജസ്റ്റീസ് മനോഹരന്റെ റിപ്പോർട്ട്.

**2010 –** ഹാരിസൺസിന്റെ ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് പഠിക്കാൻ അസിസ്റ്റന്റ് ലാൻഡ് റവന്യൂ കമ്മീഷണർ സജിത്ത് ബാബുവിനെ ചുമതലപ്പെടുത്തി. ഹാരിസൺസിന്റെ ഭൂമി സർക്കാർ ഭൂമിയാണ് എന്ന് റിപ്പോർട്ട്.

**2011 –** ഹാരിസൺസിന്റെ ഭൂമി ഏറ്റെടുക്കാൻ അനുവദിക്കണം എന്ന് അഭ്യർത്ഥിച്ച് ഹൈക്കോടതിയിൽ 3058/2011 നമ്പർ ഹർജി സർക്കാർ സമർപ്പിക്കുന്നു.

**2012 –** ഹാരിസൺസിന് എതിരെയുള്ള കേസുകൾ കേൾക്കുന്നതിൽ നിന്നും ഹൈക്കോടതിയുടെ ആറ് ബഞ്ചുകൾ പിൻമാറുന്നു.

**2012 –** ഹാരിസൺസ് കൈവശം വച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പരിശോധിക്കണം എന്ന് ഹൈക്കോടതിയിൽ സർക്കാരിന്റെ ഹർജി.

**2013 –** ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശ രേഖകൾ പരിശോധിക്കാൻ വിജിലൻസ് അന്വേഷണം. രേഖകൾ വ്യാജമെന്ന് അന്വേഷണ റിപ്പോർട്ട്.

**2013 –** ഭൂമി ഏറ്റെടുക്കാൻ സർക്കാരിനെ അനുവദിച്ചുകൊണ്ട് ഫെബ്രുവരി 16ന് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ്.

**2013 ഏപ്രിൽ 25 –** 1957ലെ കേരള ഭൂസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഹാരിസൺസിന്റെ കൈവശമുള്ള ഭൂമി പിടിച്ചെടുക്കുന്നതിനായി ഡോ. എം.ജി. രാജമാണിക്യം ഐ.എ.എസ്സിനെ നിയമിച്ചുകൊണ്ട് സർക്കാരിന്റെ ഉത്തരവ്.

**2013 –** സ്പെഷ്യൽ ഓഫീസറുടെ നിയമനത്തെ കമ്പനി ഹൈക്കോടതിയിൽ ചോദ്യം ചെയ്യുന്നു. സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ സർക്കാരിന് അധികാരം ഉണ്ടെങ്കിൽ അത് കാണിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കാൻ കോടതിയുടെ നിർദ്ദേശം. 2013 നവംബർ 28ന് ഉത്തരവ് സർക്കാർ പുറത്തിറക്കുന്നു.

**2014 ഡിസംബർ 1 –** ഹാരിസൺസ് മലയാളം കമ്പനി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കൈവശം വച്ചിരിക്കുന്ന 29,185 ഏക്കർ സ്ഥലത്ത് നിന്നും ഒഴിഞ്ഞുപോകണമെന്നും ഭൂമി സർക്കാർ ഏറ്റെടുക്കുന്നു എന്നും കാണിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ്.

**2015 ജനുവരി –** സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ് ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാരിന് അധികാരം ഉണ്ടോ എന്ന് പരിശോധിക്കാൻ ഹൈക്കോടതി ഉത്തരവ്.

**2015 മെയ് –** ഹാരിസൺസ് അനധികൃതമായി വിൽപ്പന നടത്തിയ ബോയിസ്, ചെറുവള്ളി, അമ്പനാട്, റിയ എസ്റ്റേറ്റുകൾ ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസറുടെ ഉത്തരവ്.

**2015 ജൂൺ –** ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്യുന്നു.

*(അവലംബം: അന്യാധീനപ്പെടുന്ന ഭൂമി, റോണി. കെ. ബേബി, വിമല ബുക്സ്, പേജ് 50–51)*

## ഹാരിസൺസിന്റെ കൈവശമുള്ള ഭൂമി

| ജില്ല | പ്ലാന്റേഷൻ ഡയറക്ടറി പ്രകാരം (1928) | ഹാരിസൺസ് വൈത്തിരി ലാൻഡ് ബോർഡിനു നൽകിയ കണക്ക് പ്രകാരം (1971) | രാജമാണിക്യം റിപ്പോർട്ട് പ്രകാരം (2015) |
|---|---|---|---|
| ഇടുക്കി | 18,154 | 16,294 | 13,894 |
| വയനാട് | 26,659 | 22,526 | 18,896 |
| കൊല്ലം | 13,538 | 10,600 | 9,337 |
| പത്തനംതിട്ട | 7,867 | 8,520 | 7,765 |
| കോട്ടയം | 3,664 | 3,813 | 3,681 |
| തൃശൂർ | 7,181 | 6,654 | 5,556 |
| **ആകെ** | **77,063 ഏക്കർ** | **68,407 ഏക്കർ** | **59,659 ഏക്കർ** |

*(അവലംബം: അന്യാധീനപ്പെടുന്ന ഭൂമി, റോണി. കെ. ബേബി, വിമല ബുക്സ്, പേജ് 53)*